(ബി) ഏതെങ്കിലും അദ്ധ്യാപകരെ യോഗ്യതാനിർണ്ണയ ടെസ്റ്റിൽ നിന്നൊഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലെന്ന് വ്യക്തമാക്കുമോ ;

(സി) ഇൻസർവീസ് കോഴ്സുകളുടെ നടത്തിപ്പിലൂടെ അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് പ്ലസ് ടൂ അദ്ധ്യാപകരുടെ യോഗ്യത നിർണ്ണയ പരീക്ഷ അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി) 1996-ന് മുൻപ് നിയമനം ലഭിച്ചവരും എം.എസ്., എം.ഫിൽ, പി. എച്ച്.ഡി. ജെ. ആർ. എഫ്. എൻ. ഇ. റ്റി തുടങ്ങിയ യോഗ്യതകൾ ഉള്ളവരെ ടെസ്റ്റിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. 96-ന് മുമ്പ് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചതിനാലും മറ്റ് യോഗ്യതകൾ ദേശീയാടിസ്ഥാനത്തിലുള്ളവയായതിനാലും ആണ് ഒഴിവാക്കിയത്.

(സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

കോഴിക്കോട് ജില്ലയിലെ പ്ലസ് ടൂ സീറ്റുകൾ

55(467) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ വിവിധ കോളേജുകളിലായി എത്ര പ്രീഡിഗ്രി സീറ്റുകൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) കോഴിക്കോട് ജില്ലയിൽ നിലവിൽ പുതുതായി അനുവദിച്ചതടക്കം സർക്കാർ എയ്ഡഡ് സ്കൂളുകളിലായി പ്ലസ് ടൂ കോഴ്സിന് എത്ര സീറ്റുകളാണ് ഉള്ളത് ; എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 1996-97 -ൽ ആകെയുള്ള പതിമൂന്നു സർക്കാർ, സ്വകാര്യ കോളേജുകളിൽ നിന്നായി 78 ബാച്ചുകളിലായി ആകെ 6240 സീറ്റുകൾ ഉണ്ടായിരുന്നു.

(ബി) പുതുതായി അനുവദിച്ചതുൾപ്പടെ നിലവിലുള്ള 60 പ്ലസ് ടൂ സ്കൂളുകളിലായി ഏകദേശം 10950 സീറ്റുകൾ ഉണ്ട്.

കാസർഗോഡ് ജില്ലയിലെ പ്ലസ് ടൂ അനുവദിച്ച സ്കൂളുകൾ

56(469) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly